# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2263

### 14-06-2019 ൽ മറുപടിക്ക്

### ചാലക്കുടി മണ്ഡലത്തിലെ കിഫ്ബി റോഡുകളുടെ നവീകരണം

| ചോദ്യം<br>ശ്രീ. ബി.ഡി. ദേവസ്സി | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| ചാലക്കുടി മണ്ഡലത്തിലെ മുരിങ്ങൂർ-ഏഴാറ്റുമുഖം റോഡ് ചാലക്കുടി-ആനമലറോട് മലയോര ഹൈവേ, പൂവ്വത്തിങ്കൽ- കുറ്റിക്കാട്-മോതിരക്കണ്ണി-വേളൂക്കര റോഡ്, ചാലക്കുടി-വെള്ളിക്കുളങ്ങര-മാരാംകോട്-കുറ്റിച്ചിറ-മോതിരക്കണ്ണി റോഡ് എന്നീ റോഡുകളുടെ നവീകരണത്തിനായി കിഫ്ബി അനുമതി നൽകിയിട്ടുണ്ടോ; ഇത് സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ? | ചാലക്കുടി മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികളിൽ മുരിങ്ങൂർ - ഏഴാറ്റുമുഖം റോഡ്, ചാലക്കുടി -ആനമല റോഡ്, പൂവ്വത്തിങ്കൽ -വേളൂക്കര റോഡ്, ചാലക്കുടി -മോതിരക്കണ്ണി റോഡ് എന്നി പദ്ധതികളുടെ നിർവ്വഹണ ഏജൻസി (എസ്.പി.വി.) ആയ കേരള റോഡ് ഫണ്ട് ബോർഡ് കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ച വിശദമായ പദ്ധതി റിപ്പോർട്ട് പരിശോധിച്ച് മുരിങ്ങൂർ - ഏഴാറ്റുമുഖം റോഡിന് 31.23 കോടി രൂപയുടേയും, ചാലക്കുടി -ആനമല റോഡിന് 27.96 കോടി രൂപയുടേയും ധനാനുമതി നൽകിയിട്ടുണ്ട്. എന്നാൽ പൂവ്വത്തിങ്കൽ -വേളൂക്കര റോഡ്, ചാലക്കുടി -മോതിരക്കണ്ണി റോഡ് എന്നീ പദ്ധതികൾ സമർപ്പിക്കപ്പെട്ടത് നിർദിഷ്ട കിഫ്ബി മാനദണ്ഡങ്ങൾക്ക് അനുസൃതമല്ലാത്തതിനാൽ പ്രസ്തുത പദ്ധതികളുടെ വിശദമായ പദ്ധതി റിപ്പോർട്ടും മറ്റു വിശദാംശങ്ങളും കിഫ്ബി മാനദണ്ഡങ്ങൾക്ക് അനുസൃതമായി സമർപ്പിക്കുവാൻ പദ്ധതികളുടെ നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ